പാഠം 4

# സ്വസ്ഥതയുടെ വില

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: 2 ശമൂ. 11:1–27; 12:1–23; 1 യോഹ. 1:9; ഉല്പത്തി 3:1–8.**

**മനഃപാഠവാക്യം: "ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ" (സങ്കീ. 51:10).**

ഒരല്പ ആശ്വാസത്തിനും സമാധാനത്തിനുമായി അനേകർ അലഞ്ഞുനടക്കുന്നു. അതിനായി അവർ പണവും മുടക്കാൻ ഒരുക്കമാണ്. പല വൻനഗരങ്ങളിലും ഇന്റർനെറ്റ് സൗകര്യമില്ലാത്ത മുറികൾ ഇതിനായി ഒരുക്കിയിട്ടുണ്ട്. മണിക്കൂറിന് ഇത്രയെന്ന കണക്കിൽ അതു വാടകയ്ക്കു കൊടുക്കുന്നു. നിയമങ്ങൾ വളരെ കർക്കശമാണ്. ശബ്ദവും സന്ദർശകരും പാടില്ല. അതിനുവേണ്ടി പണം മുടക്കി അല്പസമയം സ്വസ്ഥമായിരിക്കുന്നതിനോ ചെറിയ ഉറക്കത്തിനോ മനുഷ്യർ ഒരുക്കമാണ്. വിമാനത്താവളങ്ങളിൽ വാടകയ്ക്കു നല്കപ്പെടുന്ന ഉറക്ക അറകളുമുണ്ട്. ശബ്ദം ബഹിർഗമിക്കാത്ത ശ്രവണ സഹായികളും സാധാരണയാണ്. ക്യാൻവാസ് കൊണ്ടുള്ള ശിരോമൂടികൾ, പൊളിച്ചുമാറ്റാവുന്ന തരം ഏകാന്തവാസ ഒളിവിടങ്ങൾ (ഇവ നിങ്ങൾക്കു വിലയ്ക്കുവാങ്ങി ജോലി സ്ഥലത്തു അല്പസമയത്തെ വിശ്രമത്തിനുപയോഗിക്കാം) എന്നിവയൊക്കെ ലഭ്യമാണ്.

യഥാർത്ഥ സ്വസ്ഥതയ്ക്കും വില നൽകേണ്ടതുണ്ട്. മാധ്യമലോകത്തിൽ ഭ്രമണ വിദഗ്ദ്ധർ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതു നമ്മുടെ ഭാഗധേയം നമ്മൾത്തന്നെ നിർണയിക്കുന്നു എന്നാണ്. വിശ്രമമെന്നത് ഒരു തിരഞ്ഞെടുപ്പും ആസൂത്രണവും മാത്രം. പക്ഷേ ഇതു സൂക്ഷ്മമായി നാം വിശകലനം ചെയ്താൽ മനസ്സിലാക്കാൻ സാധിക്കുന്നത് നമ്മുടെ സ്വന്തകഴിവുകൾ കൊണ്ടു നമുക്കു സ്വസ്ഥത പ്രാപിപ്പാനാകയില്ലായെന്നാണ്. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അഗസ്റ്റിൻ തന്റെ കൃതിയായ "കൺഫെൻഷൻസ്" എന്ന പുസ്തകത്തിൽ പറയുന്നത് ദൈവത്തിന്റെ കൃപയെപ്പറ്റി, "ദൈവമേ അങ്ങു ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു; ഞങ്ങളുടെ ഹൃദയങ്ങൾ അങ്ങയിൽ സ്വസ്ഥത പ്രാപിക്കുംവരെ ഞങ്ങൾ അസ്വസ്ഥരാണ്."

ദൈവഹൃദയത്തിന് അനുരൂപമായ മനസ്സുള്ള ഒരു മനുഷ്യൻ ദൈവത്തിൽ സ്വസ്ഥത പ്രാപിക്കുന്നതിനുള്ള തന്റെ കണ്ടെത്തലിനു മുടക്കേണ്ടിവന്ന വിലയെ സംബന്ധിച്ച് ഈ ആഴ്ചയിൽ നാം പഠിക്കുന്നതാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 24 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## വിരസതയും ആലസ്യവും

പരിമളവാസന നിറഞ്ഞ ഒരു വസന്തകാല സന്ധ്യയിൽ ദാവീദ് രാജാവ് തന്റെ മാളികയുടെ വരാന്തയിൽ സാവധാന നടത്തത്തിലായിരുന്നു. യോർദ്ദാന്റെ മറുഭാഗത്തു തന്റെ സൈന്യത്തോടൊപ്പം അദ്ദേഹം അപ്പോൾ ആയിരിക്കേണ്ടതായിരുന്നു. ദൈവജനത്തോടൊത്ത് അദ്ദേഹം അമോന്യരെ തോല്പിച്ച് രാജ്യത്തിനു സമാധാനം കൊണ്ടുവരേണ്ട സമയമായിരുന്നു അത്.

താൻ ആയിരിക്കേണ്ട സ്ഥാനത്ത് അല്ലാതെയിരുന്നതു നിമിത്തം പരീക്ഷക്കുള്ള വാതിൽ ദാവീദ് തുറന്നുകൊടുത്തു. 2 ശമൂ. 11:1–5 വായിക്കുക. എന്തു സംഭവിച്ചു? ദാവീദ് ചെയ്ത വലിയ പാപം എന്താണ്?

ഒരു സുന്ദരി സ്ത്രീ അവളുടെ വീട്ടിൽ കുളിക്കുന്നതു ദാവീദ് കണ്ടു. അവന്റെ പാപവികാരങ്ങളെല്ലാം ഉണർന്നു. തന്റെ സേനാ ഓഫീസറായ ഒരാളിന്റെ ഭാര്യയായ ബേത്ത്ശേബയോടൊത്ത് ആ രാത്രിയിൽ ദാവീദ് ഉറങ്ങി. പുരാതനകാലത്തുള്ള മിക്ക രാജാക്കന്മാരെയുംപോലെ ദാവീദിനും ഇതിൽ പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരുന്നു. മറ്റുള്ളവരെ ഭരിച്ചിരുന്ന നിയമങ്ങളൊന്നും രാജാവിനു ബാധകവുമായിരുന്നില്ല. എന്നാലും ദാവീദിന്റെ ഭവനത്തിലുണ്ടായ ഖേദപൂർണ്ണ അനുഭവങ്ങളെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഒരു രാജാവാണെങ്കിൽപ്പോലും ആരുംതന്നെ ദൈവനിയമങ്ങൾക്ക് അതീതരല്ലായെന്നാണ്.

നിയമം ഒരു സംരക്ഷണവും സുരക്ഷിതസ്ഥാനവും ഒക്കെയാണ്. രാജാവിനു പോലും നിയമത്തിൽനിന്നകന്നപ്പോൾ ഭയാനകഫലങ്ങൾ കൊയ്യേണ്ടതായി വന്നു. ദൈവകല്പനയുടെ അതിർവരമ്പു ലംഘിച്ച നിമിഷം മുതൽ ദാവീദിന് അതിന്റെ പ്രതിഫലനങ്ങൾ ജീവിതത്തിൽ നേരിടേണ്ടിവന്നു. അവന്റെ വികാരദോഷങ്ങൾ ആരും ശ്രദ്ധിക്കാതെ പോയെന്നു ദാവീദു കരുതിയെങ്കിലും ബേത്ത്ശേബാ ഇപ്പോൾ ഗർഭിണിയും ഭർത്താവ് അകലെയുമാണ്.

2 ശമൂ. 11:6–27 വായിക്കുക. ദാവീദു പാപം മൂടിവയ്ക്കാൻ ശ്രമിച്ചതെങ്ങനെ?

അവളുടെ ഭർത്താവായ ഊരീയാവിനെ വരുത്തി വീട്ടിൽ അവളുടെ അടുക്കൽ എത്തിക്കുവാനുള്ള ദാവീദിന്റെ ഗൂഢശ്രമം പാഴായതേയുള്ളൂ. താരതുല്യമായ സ്വഭാവശുദ്ധിയുള്ള ഊരീയാവിന്റെ പ്രതികരണം ദാവീദിന്റെ നിഗൂഢതന്ത്രങ്ങൾക്കേറ്റ തിരിച്ചടിയായിരുന്നു. “പെട്ടകവും യിസ്രായേലും യെഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു; എന്റെ യജമാനനായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്തു പാളയമിറങ്ങിക്കിടക്കുന്നു; അങ്ങനെയിരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും എന്റെ ഭാര്യയോടുകൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കുമോ? നിന്നാണെ, നിന്റെ ജീവനാണെ, അതു ഞാൻ ചെയ്കയില്ല എന്ന്” ഊരീയാവു പറഞ്ഞു (2 ശമൂ. 11:11). തന്റെ പാപം മറെച്ചുവയ്ക്കുന്നതിനു ദാവീദ് ഒരു വിദൂര നിയന്ത്രിത കൊലശ്രമം നടത്തുവാൻ തുടങ്ങി.

**ഇത്രമാത്രം അനുഗ്രഹങ്ങൾ ദൈവത്തിങ്കൽനിന്നു പ്രാപിച്ചിരുന്ന ദാവീദ് ഇത്രമാത്രം താണിറങ്ങി അധഃപ്പതിക്കുമെന്നു വിശ്വസിപ്പാൻ തന്നെ പ്രയാസമാണ്. നാം ആരുതന്നെ ആണെങ്കിലും ഈ കഥയിൽനിന്നു നമ്മളെല്ലാം ഉൾക്കൊള്ളേണ്ടതായ മുന്നറിയിപ്പ് എന്താണ്?**

## ഉണരാനുള്ള വിളി

ദാവീദിന്റെ ജീവിതത്തിലെ ഇരുളടഞ്ഞ ഒരു ദിവസം ഒരു നല്ല വാർത്തയെത്തി. ദൈവം തന്റെ പ്രവാചകനെ അയച്ചു. നാഥാനും ദാവീദും നല്ലവണ്ണം അടുത്തറിഞ്ഞവരായിരുന്നു. ദൈവത്തിന് ഒരു ആലയം പണിയേണ്ടതുമായി ബന്ധപ്പെട്ടു നാഥാൻ ദാവീദിനെ മുമ്പ് ഉപദേശിച്ചിട്ടുമുണ്ടായിരുന്നു (2 ശമൂ. 7). എന്നാലിപ്പോൾ രാജാവിനുവേണ്ടി മറ്റൊരു പ്രത്യേകകാര്യം നിർവ്വഹിപ്പാൻ പ്രവാചകൻ അയക്കപ്പെട്ടിരിക്കയാണ്.

ഉടൻതന്നെ ദാവീദിനെ പേർചൊല്ലി വിളിച്ചു ലജ്ജിപ്പിക്കുന്നതിനു പകരം ഒരു കഥ പറഞ്ഞു തുടങ്ങേണ്ടതിനു പ്രവാചകൻ മുതിർന്നതെന്തുകൊണ്ട്? 2 ശമൂ. 12:1-14 വായിക്കുക.

എന്തുപറയണമെന്നറിയാമായിരുന്ന നാഥാൻ ദാവീദിനു മനസ്സിലാക്കാവുന്നവിധം പറഞ്ഞുതുടങ്ങി. മുമ്പ് ഒരു ആട്ടിടയനായിരുന്ന ദാവീദ് ബന്ധപ്പെട്ടിരുന്ന വിധമുള്ള ഒരു കഥ. നീതിനിർവ്വഹണത്തിന്റെയും വിശ്വസ്തതയുടെയും ഉന്നത നിലവാരത്തിലായിരുന്ന ദാവീദിന്റെ മനോവികാരം ഉണരുന്ന വിധമായിരുന്നു അത്. ദാവീദ് നേരെ നടന്നു കെണിയിൽ വീഴത്തക്കവണ്ണമുള്ള ഒരു കഥയായിരുന്നു അതെന്ന് ഒരാൾക്കു പറയുന്നതിനാവും.

ബുദ്ധി പ്രയോഗിക്കാതെ ദാവീദ് തന്റെ സ്വന്തം മരണവിധിതന്നെ ഉച്ചരിച്ചപ്പോൾ, “ആ മനുഷ്യൻ നീ തന്നേ” എന്നു പ്രവാചകൻ പറഞ്ഞു (2 ശമൂ. 12:7). “ആ മനുഷ്യൻ നീ തന്നേ” എന്ന പ്രവാചകൻ പറഞ്ഞതു വിവിധരീതികളിൽ പറയാവുന്നതാണ്. ഒരാൾക്ക് അത് ഉച്ചത്തിൽ വിളിച്ച് അട്ടഹസിക്കാം. കുറ്റാരോപണം നടത്തി മുഖത്തു വിരൽ ചൂണ്ടാം. ഒരാൾക്കു വേണമെങ്കിൽ താത്പര്യത്തോടും ഉത്കണ്ഠയോടുംകൂടെയാണെങ്കിലും പറയാം. നാഥാന്റെ വാക്കുകൾ കൃപയിൽ പൊതിയപ്പെട്ടതായിരുന്നു. തന്റെ ഒരു മകനോ മകളോ തന്റെ ഇഷ്ടത്തിനപ്പുറം അറിഞ്ഞുകൊണ്ടു ചാടുന്നതുപോലെ താൻ ചാടിയതായി ദൈവം തന്നെക്കുറിച്ചു ചിന്തിക്കുകയാണെന്നു ദാവീദു മനസ്സിലാക്കി. ദാവീദിന്റെ മനസ്സിൽ ഇതു സ്ഥായിയായി വീണു. തന്റെ ഹൃദയത്തെയതു മുറിവേല്പിച്ചു.

“ഞാൻ ബേത്ത്ശേബയ്ക്കെതിരെ പാപം ചെയ്തു” എന്നോ “ഞാൻ കൊലയാളിയാണെന്നോ” പറയുന്നതിനുപകരം “ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു എന്ന് ദാവീദ് പറഞ്ഞതെന്തുകൊണ്ട്? 2 ശമൂ. 12:13; സങ്കീ. 651:4.

നമ്മുടെ ഹൃദയത്തെ അസ്വസ്ഥമാക്കുന്ന പാപം സൃഷ്ടിതാവും വീണ്ടെടുപ്പുകാരനുമായ ദൈവത്തിനെതിരെയാണെന്നു ദാവീദു മനസ്സിലാക്കി. നാം നമുക്കുതന്നേ വേദന വരുത്തുകയും മറ്റുള്ളവർക്കതു ബോധിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ കുടുംബങ്ങൾക്കും സഭകൾക്കും നാണക്കേടു നാം വരുത്തി വയ്ക്കുന്നു. എന്നാലും അന്തിമമായി ഗൊൽഗോഥായിൽ ഉയരത്തിലേക്കു ചൂണ്ടിനില്ക്കുന്ന കുരിശുമരത്തിൽ ഒരാണികൂടെ നാം അടിക്കുകയാണ്.

## ക്ഷമിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്തു?

ദാവീദ് തന്റെമേൽ ന്യായവിധി പ്രഖ്യാപിച്ചു കഴിഞ്ഞശേഷം (2 ശമൂ. 12:5,6) അവന്റെ പാപത്തിന്റെ ഭീകരത നാഥാൻ അവന്റെ മുമ്പിൽ കൊണ്ടുവന്നു. ഹൃദയം നുറുങ്ങിയ ദാവീദ് തന്റെ പാപം ഏറ്റുപറഞ്ഞു. ഉടൻ തന്നെ നാഥാൻ ഉറപ്പുകൊടുത്തത്, "യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു" എന്നാണ് (2 ശമൂ. 12:13). പാപക്ഷമയ്ക്കുവേണ്ടി കാത്തിരിക്കേണ്ട കാര്യമില്ല. പാപക്ഷമ അവന്റെ നേരെ നീട്ടപ്പെടുന്നതിനുമുമ്പ് താൻ ആത്മാർത്ഥതയുള്ളവനാണെന്നു തെളിയിക്കേണ്ട ആവശ്യം ദാവീദിനുണ്ടായിരുന്നില്ല.

ദാവീദ് ചെയ്ത പാപത്തിന്റെ പ്രത്യാഘാതം മുൻക്കൂട്ടിക്കണ്ട നാഥാൻ ദാവീദിനു ജനിപ്പാനിരിക്കുന്ന കുഞ്ഞു മരിച്ചുപോകുമെന്നു കൂടെ പറഞ്ഞു (2 ശമൂ. 12:10–14). ദാവീദിന്റെ പാപം ദൈവം മോചിപ്പിച്ചിരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? സ്ലേറ്റ് തുടച്ചു വൃത്തിയാക്കുമെന്നാണോ? അതിനെക്കുറിച്ചു സകല മനുഷ്യരും മറന്നു കഴിയുമെന്നുള്ളതാണോ? ഈ ചോദ്യങ്ങൾക്കുത്തരം ചിന്താവിഷയമാക്കുമ്പോൾത്തന്നെ 2 ശമൂ. 12:10–23 വായിച്ചു ധ്യാനിക്കുക.

അവന്റെ ലോകം തകർന്നു വീഴുകയാണെന്നു കണ്ട ദാവീദ് ഈ ചോദ്യങ്ങളെക്കുറിച്ച് അത്ഭുതപ്പെട്ടുകാണും. കുഞ്ഞു മരിക്കും, കുടുംബം തകരും (അംനോന്റെയും അബ്ശാലോമിന്റെയും ഉദാഹരണങ്ങൾ തന്നെ കുടുംബപ്രശ്നങ്ങൾക്കു മാതൃകയാണ്) അവന്റെ സ്വന്തഭാവിപോലും അനിശ്ചിതത്വത്തിലായിരിക്കുന്നു. നിരപരാധികളായ ഊരീയാവിനെയും നവജാതശിശുവിനെയും ബാധിച്ച അവന്റെ പാപത്തിന്റെ അനന്തരഫലം ഇങ്ങനെയൊക്കെയാണെങ്കിലും സകലപ്രത്യാഘാതങ്ങളും അസ്തമിച്ചുപോകുന്ന ഒരു ദിവസം ദൈവത്തിന്റെ കൃപമൂലം സംജാതമാകുമെന്നു ദാവീദു മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. അതേസമയം കലങ്ങിമറിയുന്ന അവന്റെ മനസ്സിൽ ദൈവകൃപ സ്വസ്ഥതകൊണ്ടെത്തിക്കുന്നു.

അവന്റെ യഥാർത്ഥ ആവശ്യത്തെപ്പറ്റി ദാവീദ് എന്തു മനസ്സിലാക്കി? എന്തിനുവേണ്ടിയവൻ അത്യാംക്ഷയോടെ ഇരുന്നു (സങ്കീ. 51:1–6).

51–ാം സങ്കീർത്തനത്തോടുകൂടെ ദാവീദ് പരസ്യമാകയും അവന്റെ ഹൃദയം പാപങ്ങളെ ഏറ്റുപറകയും ചെയ്തു. കൃപയ്ക്കായുള്ള ദാവീദിന്റെ നിലവിളിയിൽ ദൈവത്തിന്റെ അനശ്വര സ്നേഹവും മഹാദയയും വെളിപ്പെട്ടുവരുന്നു. ഒരു പുതുക്കത്തിനുവേണ്ടി അവൻ അഭിവാഞ്ഛിച്ചു. യേശുവിങ്കലുള്ള സ്വസ്ഥതയുടെ വിലയെപ്പറ്റി ചിന്തിക്കുമ്പോൾത്തന്നെ നാം മനസ്സിലാക്കേണ്ടതു നമ്മിലില്ലാത്തതും പുറമെനിന്നുള്ളതുമായ സഹായത്തെപ്പറ്റിയാണ്. നമ്മൾ പാപികളും രക്ഷകൻ നമുക്ക് അത്യാവശ്യവുമാണ്. നമ്മുടെ പാപപ്രകൃതത്തെ നാം അംഗീകരിക്കുന്നതോടെ നമ്മെ കഴുകി ശുദ്ധീകരിച്ചു പുതുക്കുവാൻ കഴിവുള്ള ഏകകർത്താവിനോടു നാം കരഞ്ഞപേക്ഷിക്കുന്നു. ഇതു ചെയ്തുതുടങ്ങുമ്പോൾത്തന്നെ നാം ധൈര്യം പ്രാപിക്കും. ഇതാ ഒരു വ്യഭിചാരി, ചതിയൻ, കൊലയാളി, പത്തുകല്പനയിൽ അഞ്ചും ലംഘിച്ചവൻ സഹായത്തിനഭ്യർത്ഥിക്കുന്നു. ദൈവത്തിന്റെ പാപക്ഷമയ്ക്കായി വാഗ്ദത്തം മുറുകെപ്പിടിച്ച് അവകാശം ഉന്നയിക്കുന്നു. ദാവീദ് ചെയ്തതിലെല്ലാം ദൈവം ക്ഷമിച്ചുവെങ്കിൽ നിങ്ങളോടും ക്ഷമിക്കുകയില്ലേ?

## എന്തോ പുതിയ ഒന്ന്

തന്റെ പാപത്തിൽ ഒഴിവു കാട്ടാതെ ദാവീദ് ഏറ്റുപറഞ്ഞുകൊണ്ട് ദൈവസന്നിധിയിൽ അപേക്ഷിച്ചു. അവൻ എന്താണു ചോദിച്ചത്? സങ്കീ. 51:7–12 വായിക്കുക.

വിശുദ്ധമന്ദിരം എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുള്ള ഏതൊരു യിസ്രായേല്യനും എളുപ്പം മനസ്സിലാക്കാവുന്ന ഒരു പദപ്രയോഗമാണ് ഈ സോപ്പുകൊണ്ടുള്ള ശുദ്ധീകരണം. മോശെയുടെ നിയമത്തിൽ ഉപയോഗിച്ചുകൊണ്ടുള്ള കർമ്മാചാരപ്രവർത്തനമാണത്. ലോകത്തിന്റെ പാപം ചുമന്നൊഴിപ്പതിനു പില്ക്കാലത്തു വരേണ്ടതായ മഹായാഗത്തിന്റെ അധികാരത്തെയത് എടുത്തു പറയുന്നു (ലേവ്യ 14:4).

"ആനന്ദവും സന്തോഷവും" കൂടെ ദാവീദ് ചോദിക്കുന്നു. പാപത്തിന്റെ അതിഭീകരതയുടെ മുഖത്ത് ഈ പറയുന്നത് അല്പം അധികപ്പറ്റായി പോയില്ലേയെന്നു തോന്നിയേക്കാം. ഇനി പറയുന്ന പരാവർത്തനം കേൾക്കുമ്പോൾ അതു വ്യക്തമായി കിട്ടും. "ഞാൻ വീണ്ടും വിശുദ്ധമന്ദിരത്തിൽ കയറി അവിടെ ദൈവത്തെ ആരാധിക്കുന്നവരുടെ ആനന്ദവും സന്തോഷവും കേൾക്കേണ്ടതിന് എന്റെ പാപം ക്ഷമിക്കപ്പെട്ടുവെന്ന് എന്നെ കേൾപ്പിക്കണമേ." ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ അവർ ദൈവത്തിങ്കൽനിന്ന് ഒളിച്ചുകളഞ്ഞു (ഉല്പത്തി 3:8). തന്റെ പാപശേഷവും ദാവീദിന്റെ അപേക്ഷ ഇത്ര വ്യത്യസ്തമായിരിക്കുന്നുവെന്നതിൽ നിങ്ങൾക്കെന്തു തോന്നുന്നു? സങ്കീ. 51:11, 12 വായിക്കുക.

ദൈവത്തിൽനിന്നകന്നു ജീവിക്കുന്നു എന്ന ചിന്ത തന്നെയും ദാവീദിനുണ്ടാകുന്നത് അസഹ്യമാണ്. പരിശുദ്ധാത്മാവു കൂടാതെ താൻ അശക്തനെന്നു ദാവീദ് ഗ്രഹിച്ചു കഴിഞ്ഞു. ബേത്ത്ശേബയുമായി ഇത്രവേഗം പാപത്തിൽ ചാടിയ ദാവീദ് ഇനിയും പാപക്കുഴികളിൽ ചാടുന്നത് എളുപ്പമാണെന്ന് അറിഞ്ഞു കഴിഞ്ഞു. അവന്റെ ആത്മധൈര്യം തകർന്നുപോയി. ഇനിയും മുന്നോട്ടുള്ള യാത്രയിൽ വിജയങ്ങളൊന്നും തന്നിൽനിന്ന് ഉണ്ടാകില്ലായെന്നു മനസ്സിലാക്കി. ദൈവത്തിങ്കൽനിന്നു മാത്രമേ വിജയം പ്രാപിക്കാനാകയുള്ളൂ എന്നു ഗ്രഹിച്ചുകൊണ്ടവൻ പൂർണ്ണമായി ദൈവത്തിന് ഏല്പിച്ചുകൊടുത്തു.

വിജയകരമായ ക്രിസ്തീയ ജീവിതം നമ്മിൽനിന്നുണ്ടാകുന്നതല്ല. അതു യേശുവിങ്കൽനിന്നുമാത്രം. കർത്താവിന്റെ സാന്നിദ്ധ്യത്തിനായി നാം വാഞ്ഛിക്കുന്നു. ദൈവാത്മാവിനായി നാം കെഞ്ചി യാചിക്കുന്നു. രക്ഷയുടെ സന്തോഷം നമുക്കു വേണം. പുതുക്കം പ്രാപിച്ച സ്വസ്ഥത നമുക്ക് ആവശ്യമെന്നു നാം അറിയുന്നു. ദൈവികപുനർസൃഷ്ടിയെന്ന സ്വർഗ്ഗീയവിശ്രമം നമുക്ക് ആവശ്യം. ക്ഷമിച്ചു കിട്ടുന്നതു സൃഷ്ടിപ്പിലെ വിശ്രമത്തിൽനിന്ന് അകലെയല്ല. "ദൈവമേ, നിർമ്മലമായോ ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കണമേ" (സങ്കീ. 51:10. ദൈവത്തിനു മാത്രമേ സൃഷ്ടിപ്പിനധികാരമുള്ളൂ. നാം പുനഃസൃഷ്ടിക്കപ്പെടുമ്പോൾ മാത്രം സ്വസ്ഥത അനുഭവിക്കുന്നു.

**കുറ്റബോധത്തിൽനിന്നുള്ള മോചനവും സന്തോഷവും ആനന്ദവും നിങ്ങൾ അനുഭവിക്കുന്നില്ലായെങ്കിൽ എന്താണു നിങ്ങളെ പിന്നോക്കം വലിക്കുന്നത്? അതു കുറ്റബോധമാണെങ്കിൽ നിങ്ങൾ പഠിച്ച ഈ കഥയിൽനിന്നു മനസ്സിലാക്കിയതു നിങ്ങൾക്കു സഹായകരമാകുന്നില്ലേ?**

## ദൈവികവെളിച്ചം പ്രതിബിംബിപ്പിക്കുന്നവർ

വിഷമിപ്പിക്കുന്ന ഒരു തോൽവി അനുഭവിക്കുകയും അതു ക്ഷമിക്കപ്പെടുകയും ചെയ്തശേഷം പിന്നെയതു മറന്നു കളയുന്നതാണു സ്വാഭാവികമായ നല്ല കാര്യം. വീഴ്ചയുടെ ഓർമ്മകൾ വേദനാകരമാണ്.

വേദനാകരമായ അനുഭവശേഷം എന്തു ചെയ്‌വാൻ ദാവീദ് ആഗ്രഹിച്ചു? സങ്കീ. 51:13–19 വായിക്കുക.

ഒരു കളിമൺ പാത്രമോ വിലയേറിയ അലങ്കാര കലശമോ വീണുടയുമ്പോൾ നമ്മൾ നെടുവീർപ്പിട്ടുകൊണ്ട് ഉപയോഗരഹിതമായ കഷണങ്ങൾ എറിഞ്ഞുകളയുകയാണു സാധാരണ ചെയ്യുന്നത്. ജപ്പാനിൽ "കിന്റ് സുജി" എന്ന ഒരു പാരമ്പര്യ കലാപ്രവർത്തനമുണ്ട്. തകർന്ന കളിമൺ കഷണങ്ങളെ പിന്നെയും മനോഹരമായി പുനർസൃഷ്ടി നടത്തി എടുക്കും. സ്വർണ്ണദ്രാവകമോ വെള്ളിദ്രാവകമോ ഉപയോഗിച്ചാണ് അവ മനോഹരമായി ഒട്ടിച്ചെടുക്കുന്നത്. പിന്നെയത് അതിമനോഹരവും വിലയേറിയതുമായി മാറുന്നു.

ഓരോ തവണയും ദൈവം നമ്മുടെ പാപങ്ങൾക്കു ക്ഷമ തരികയും നമ്മെ പുതിയ സൃഷ്ടികളാക്കുകയും ചെയ്യുമ്പോഴൊക്കെയും എന്തോ മാറ്റം സംഭവിക്കുന്നുണ്ട്. നമ്മുടെ നുറുങ്ങിയ കഷണങ്ങളെ ദൈവത്തിന്റെ വിലപ്പെട്ട ക്ഷമ കൊണ്ടു ഒട്ടിച്ചെടുക്കുന്നു. പൊട്ടിയതിന്റെ ഓരോ അടയാളങ്ങളും ദൈവത്തിന്റെ അതുല്യകൃപയ്ക്കു സാക്ഷ്യം വഹിക്കുകയാണ്. ദൈവത്തിന്റെ ശബ്ദവാഹകരായി നാം മാറ്റപ്പെടുന്നു. "എന്റെ നാവു നിന്റെ നീതിയെ ഘോഷിക്കും" (സങ്കീ. 51:14). ന്യായമായി നന്നാക്കുന്നതിനോ സ്വാഭാവിക നവീകരണത്തിനോ നാം ശ്രമിക്കേണ്ട ആവശ്യമില്ല. നമ്മുടെ തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല. നമ്മെ വലയം ചെയ്തിരിക്കുന്ന പ്രകാശതരഗങ്ങൾ ലോകം കണ്ടു കഴിയും. പാപക്ഷമയ്ക്കുവേണ്ടി അന്വേഷിച്ചു നട്ടം തിരിയുന്ന ജനം ക്ഷമ കിട്ടിയ നമ്മിലേക്ക് ആകർഷിക്കപ്പെടും.

സങ്കീ. 51 ഉം, 1 യോഹ. 1:9 ഉം തമ്മിലുള്ള ബന്ധം എന്താണ്? 51–ാം സങ്കീർത്തനത്തിന്റെ ഒരു ചുരുക്ക സംക്ഷിപ്തമാണ് 1 യോഹ. 1:9. "തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല" എന്നു ദാവീദ് ഗ്രഹിച്ചതുപോല "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" എന്നു യോഹന്നാനും പറയുന്നു (1 യോഹ. 1:9). ദൈവത്തെ തന്റെ വാക്കിനൊത്തു തന്നെ വിശ്വസിക്കാം.

1 യോഹ. 1:9 ലെ വാഗ്ദത്തങ്ങൾ ഇപ്പോൾത്തന്നെ ജീവിതത്തിൽ പകർത്താൻ നിങ്ങൾക്കെങ്ങനെ പഠിക്കുവാനാകും? നിങ്ങളതു പഠിക്കുകയും വാഗ്ദത്തം നിങ്ങൾക്കുവേണ്ടിയും കൂടെയാണെന്നു മനസ്സിലാക്കുകയും ചെയ്തുകഴിയുമ്പോൾ നിങ്ങൾക്കെന്തുതോന്നും?

## കൂടുതൽ ആശയങ്ങൾ:

ദാവീദിന്റെ അനുതാപം ഹൃദയംഗവും അഗാധവുമായിരുന്നു. അവന്റെ തെറ്റിനെ ലഘൂകരിക്കാൻ ഒരു ശ്രമവും നടത്തിയില്ല. വരാനിരിക്കുന്ന ന്യായവിധിയിൽനിന്ന് ഒഴിഞ്ഞിരിപ്പാനുള്ള ഒരു ശ്രമവും നടത്തിയില്ല. അവന്റെ തന്നെ മനഃസാക്ഷിയുടെ മ്ലേച്ഛതയെ അവൻ കണ്ടു. അവന്റെ പാപങ്ങളെ അവൻ ഏറ്റവും വെറുത്തു. പാപ ക്ഷമയ്ക്കുവേണ്ടി മാത്രമല്ല അവൻ പ്രാർത്ഥിച്ചത്. ഹൃദയം നിറയുന്ന പരിശുദ്ധി ക്കായി അപേക്ഷിച്ചു. അനുതപിക്കുന്ന പാപികളോടുള്ള ദൈവത്തിന്റെ വാഗ്ദത്ത ങ്ങളിലവൻ തന്റെ തന്നെ പാപക്ഷമയും സ്വീകാര്യതയും കണ്ടെത്തി. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ് തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദ യത്തെ നീ നിരസിക്കയില്ല" (സങ്കീ. 51:16,17).

"ദാവീദ് വീണെങ്കിലും ദൈവം അവനെ എഴുന്നേല്പിച്ചു." ദാവീദ് തന്നെത്താൻ താഴ്ത്തി, പക്ഷേ ശൗലാകട്ടെ ശാസന നിരസിക്കയും അനുതാപമില്ലാതെ തന്റെ ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു.

"ദാവീദിന്റെ ചരിത്രത്തിലെ ഈ ഭാഗം മാനവകുലത്തിന്റെ പരീക്ഷകളുടെയും പോരാട്ടങ്ങളുടെയും ഹൃദയംഗപശ്ചാത്താപത്തിന്റെയും ശക്തമായ വിവരണമാണ്. പാപത്തിൽ വീഴ്ത്തപ്പെട്ട ആയിരങ്ങളായ ദൈവമക്കൾ ദാവീദിന്റെ ഹൃദയംഗ ഏറ്റു പറച്ചിലും അനുതാപവും കണ്ടെത്തിക്കൊണ്ട് ധൈര്യം പ്രാപിച്ചു ദൈവകല്പന കൾക്കനുയോജ്യമായി ജീവിപ്പാൻ യുഗങ്ങളായി കടന്നു വന്നിട്ടുണ്ട്. "ദാവീദിനെ പ്പോലെ ആത്മതപനത്തോടും അനുതാപത്തോടും കടന്നുവരുന്നവർക്കു തീർച്ച യായും പ്രത്യാശയ്ക്കു വകയുണ്ട്. ഹൃദയംഗമായി അനുതപിച്ചുവരുന്ന ഏതൊരു വ്യക്തിയെയും ദൈവം ഒരുനാളും തള്ളിക്കളകയില്ല" PP, PP. 725, 726.

## ചർച്ചാചോദ്യങ്ങൾ

1. **ജന്മനാ നമുക്കുള്ള പാപപ്രകൃതവും അതിന്മേലുള്ള പാപക്ഷമയും അതേസമയം സകല ലോകങ്ങളുടെയും രാജാധിരാജാവായ കർത്താവിന്റെ പാപക്ഷമ പ്രാപിക്കപ്പെട്ട പുത്രീപുത്രന്മാരെന്ന അവസ്ഥയും തമ്മിലുള്ള സന്തുലിതാവസ്ഥ നാമെങ്ങനെ കാത്തുപാലിക്കും?**
2. **ഏതൊരു പാപവും അന്തിമമായി ദൈവത്തിനെതിരെയുള്ള പാപമാണെന്നുള്ളത് എന്തുകൊണ്ട്?**
3. **ഊരീയാവിനെയും ദാവീദിന്റെയും ബേത്ത്ശേബയുടെയും നവജാതശിശുവിനെയുംപോലെയുള്ള നിരപരാധികൾ കഷ്ടപ്പെടുന്നതിന്മേലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നവരോടു (സഭാംഗങ്ങളല്ലാത്തവർ) നാം എന്തു പറയും? ഇങ്ങനെയുള്ള പരിതസ്ഥിതികളിൽ ദൈവത്തിന്റെ നീതിയും സ്നേഹവും സംബന്ധിച്ചു നാം എന്തു വിശദീകരണം കൊടുക്കും? ഇതിനു സഹായകമായ എന്തു കാഴ്ചപ്പാട് വൻപോരാട്ടം നമുക്കുതരുന്നു?**
4. **ബൈബിളിലെ രണ്ടു പൂർണ്ണ അദ്ധ്യായങ്ങൾ ദാവീദിന്റെയും ബേത്ത്ശേബയുടെയും അറപ്പുളവാക്കുന്ന കഥ വിവരിക്കുവാൻ ദൈവം വിനിയോഗിച്ചിരിക്കുന്നതെന്തുകൊണ്ട്? ഈ കഥ എടുത്തു പറയുന്നതുകൊണ്ടുള്ള ഉദ്ദേശ്യം എന്താണ്?**
5. **സങ്കീ. 51:11,12 പറയുന്നതുപോലെ പാപം നമ്മെ ദൈവത്തിൽനിന്നകറ്റുന്നു എന്ന ആശയം ശ്രദ്ധിക്കുക. ഇതെങ്ങനെ സംഭവിക്കുന്നു എന്നതിൽ നിങ്ങളുടെ സ്വന്ത അനുഭവം എന്താണ്? അതുവളരെ അസ്വസ്ഥപരവും അകൽച്ച നിറഞ്ഞതുമാണെന്നുള്ളതു നിങ്ങളുടെ സ്വന്ത അനുഭവത്തിൽനിന്നെങ്ങനെ വിശദീകരിക്കും? അതിനുള്ള ഏക പ്രതിവിധി കൃപയുടെ വാഗ്ദത്തം മാത്രമാണെന്നുള്ളത് എന്തുകൊണ്ട്?**